വീണ്ടും ക്ലാസ് നടത്തണമെങ്കിൽ ആ ഹാളും അവരുടെ ഇരിപ്പിടങ്ങളുമെല്ലാം റീ-അറേഞ്ചു ചെയ്യേണ്ടിവരും. അതിനുതന്നെ സമയമെടുക്കും. പരീക്ഷ കഴിഞ്ഞ് രണ്ടുമണിവരെയുള്ള സമയംകൊണ്ട് റീ-അറേഞ്ചു ചെയ്യുക എളുപ്പമല്ല. മാത്രമല്ല പരീക്ഷയ്ക്കുവേണ്ടി രജിസ്റ്റർ നമ്പരൊക്കെ എഴുതി ഒട്ടിച്ചിരിക്കുന്നതോ, ചോക്കുകൊണ്ട് എഴുതിയതോ റെഗുലർ ക്ലാസ്സിലെ കുട്ടികൾ മായ്ച്ചുകളയുകയോ ഒക്കെ ചെയ്യും. എല്ലാ ദിവസവും നമ്പരിടുന്ന പ്രക്രിയ തുടർന്നു പോകേണ്ട ബുദ്ധിമുട്ടുണ്ട്. അത് വളരെ അപ്രയോഗികമാണ്. രണ്ട്, റെഗുലർ ക്ലാസുകൾ നടത്തിയാൽ ഉച്ച സമയത്ത്, പ്രത്യേകിച്ച് മീനമാസത്തിലെ കൊടുംവെയിലിൽ ഉച്ചസമയത്ത്, കുട്ടികൾ വിദ്യാലയങ്ങളിലെത്തുക എന്നത് ക്ലേശകരമാണ്. മാത്രമല്ല ഈ കുഞ്ഞുങ്ങളെ വിദ്യാലയങ്ങളിലേയ്ക്ക് കൂക്കിവിടാനുള്ള രക്ഷകർത്താക്കൾ പലപ്പോഴും ഓഫീസുകളിലോ പാടങ്ങളിലോ പണിടെടുക്കുകയുമായിരിക്കും. അതുകൊണ്ട് വളരെയേറെ സാങ്കേതികമായി അപ്രായോഗികമായ ഒരു കാര്യ മാണ്. ഒന്നുകൂടി വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ വയ്ക്കുകയാണ്. എസ്എസ്.എൽ.സി. പരീക്ഷ നടത്തുന്നതിനു മുൻപ് അധ്യാപകന്മാർ സ്പെഷ്യൽ ക്ലാസ്സുകളെടുത്ത്, അവധി ദിവസങ്ങളിൽപ്പോലും സ്പെഷ്യൽ ക്ലാസ്സെടുത്ത്, പോർഷൻസ് മുഴുവൻ തീർക്കുക എന്നത് കേരളക്കരയിൽ സർവസാധാരണമാണ്. പലപ്പോഴും എസ്.എസ്.എൽ.സിക്കു മുൻപുതന്നെ ചില സ്കൂളുകളിൽ മറ്റു ക്ലാസ്സുകളിലെ പരീക്ഷ കഴിയും. ചിലപ്പോൾ എസ്.എസ്.എൽ.സി. കഴിഞ്ഞായിരിക്കും. പോർഷൻസ് മുഴുവൻ പൂർത്തിയായിക്കഴിഞ്ഞിട്ടും ഈ കുട്ടികൾ വീണ്ടും വരിക എന്നത് യുക്തിക്കു ചേരുന്നതല്ല. എസ്.എസ്.എൽ.സി പരീക്ഷ കഴിഞ്ഞ് റെഗുലർ ക്ലാസുകളിൽ പരീക്ഷ നടത്തുന്ന കുട്ടികൾക്ക് ഒരു സ്റ്റഡി ലീവ് എന്ന നിലയിൽ പാഠ്യഭാഗങ്ങൾ പഠിക്കാനുള്ള അവസരവും നിഷേധിക്കപ്പെടുകയാണ്. ഇതെല്ലാം വച്ചുകൊണ്ട് അപ്രായോഗികവും ആലോചനാരഹിതവുമായ ഭ്രാന്തൻ നയമാണ് ഡിപ്പാർട്ടുമെന്റ് എടുത്തിരിക്കുന്നത് എന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. അതുകൊണ്ട് എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് ഈ സർക്കുലർ പിൻവലിച്ച് എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുശേഷം ഉച്ചയ്ക്കുള്ള റെഗുലർ ക്ലാസ് നടത്തണമെന്നുള്ള നടപടി പിൻവലിക്കണമെന്ന് അപേക്ഷിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, 2585 ഹൈസ്കൂളുകളിലും മാർച്ച് മാസം മുഴുവൻ അദ്ധ്യയനം നഷ്ടപ്പെടുന്ന സ്ഥിതിയാണ് ഉള്ളത്. കെ.ഇ.ആർ-ലെ വ്യവസ്ഥയനുസരിച്ച് 220 സാദ്ധ്യായ ദിവസങ്ങളെങ്കിലും ഒരു അധ്യായന വർഷം ലഭിക്കുന്ന കാര്യം ഉറപ്പുവരുത്താൻ ഡിപ്പാർട്ടുമെന്റിന് ബാധ്യതയുണ്ട്. അക്കൗണ്ടന്റ് ജനറലും ഈ കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇത്തരം സർക്കുലർ നൽകിയിരിക്കുന്നത്. എങ്കിലും ഈപ്രശ്നം അധ്യാപക സംഘടനകളുമായി ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. നാളെയും ഒരു ചർച്ചയുണ്ട്. ഒരു അഭിപ്രായസമന്വയം ഉണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പഠനവും നടക്കണം അധ്യാപകർക്ക് ബുദ്ധിമുട്ടുണ്ടാകാനും പാടില്ല. അതുകൊണ്ട് അഭിപ്രായസമന്വയമുണ്ടാക്കി ഈ പ്രശ്നം പരിഹരിക്കുന്നതാണ്.

(8) കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, കൊച്ചി നഗരത്തിന്റെ പടിഞ്ഞാറൻ പ്രദേശമായ മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, ഇടക്കൊച്ചി, പള്ളുരുത്തി, കുമ്പളങ്ങി, ചെല്ലാനം തുടങ്ങിയ പഞ്ചായത്തുകളിൽ ഈ മേഖലയിൽ ആകെ ഇരുപതോളം ഹൈസ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. രണ്ട് കോളേജുകളുമുണ്ട്. എന്നാൽ സാങ്കേതിക വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള ഒരു സ്ഥാപനവും ഈ മേഖലയിലില്ല. പ്രധാനമായും ഇവിടെ മത്സ്യ

LIBRARY ARCHIVES Kerala Legislative Assembly

സംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ ഒരു കേന്ദ്രവും കൂടിയാണ്. ഈ രംഗത്ത് ധാരാളം തൊഴിൽ സാധ്യതകളുണ്ട്. ഇവയെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് മത്സ്യബന്ധനവും മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പ്രാധാന്യമുള്ള പോളിടെക്നിക്ക് പള്ളുരുത്തിയുടെ ഭാഗമായ കുമ്പളങ്ങിയിലോ, ചെല്ലാനത്തോ, പള്ളുരുത്തിയിലോ എവിടെയായാലും സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതല്ല ഗവൺമെന്റിന് ബുദ്ധിമുട്ടുണ്ടെങ്കിൽ ഐ.എച്ച്.ആർ.ഡി.യോ മറ്റോ ഈ ചുമതല ഏറ്റെടുത്തുകൊണ്ട് അടുത്ത അധ്യായന വർഷം ഈ പോളിടെക്നിക്ക് ആരംഭിക്കാനുള്ള അനുവാദം തരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, പോളിടെക്നിക്കുകൾ, എൻജിനിയറിംഗ് കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് എ.ഐ.സി.ടി.യുടെ മുൻകൂട്ടിയുള്ള അംഗീകാരം ആവശ്യമാണ്. ഈ അധ്യയനവർഷത്തിൽ സംസ്ഥാനത്ത് ആരംഭിക്കേണ്ട സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള അംഗീകാരത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധി 1999 സെപ്റ്റംബർ മാസമായിരുന്നു. എറണാകുളം ജില്ലയിൽ നോക്കുമ്പോൾ മൊത്തത്തിൽ പോളിടെക്നിക്കുകൾ മറ്റു ജില്ലകളിലുള്ളതിനേക്കാൾ കൂടുതലാണ്. എന്നാൽ ഈ കാര്യത്തിൽ ഈ മേഖലയുടെ പ്രത്യേകത പരിഗണിച്ച് ഇവിടെ ഒരു പോളിടെക്നിക്ക് തുടങ്ങുന്ന കാര്യം പ്രത്യേകമായി ആലോചിക്കാം.

(9) വെള്ളനാട് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ തുറന്നു പ്രവർത്തിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പാലോട് രവി : സർ, പൂർണ്ണമായും ദേശസാൽക്കരിച്ച ഞങ്ങളുടെ താലൂക്കിൽ കഴിഞ്ഞ ഡിസംബർ 7-ാം തീയതി മന്ത്രിയും എം.ഡി.യും എക്സിക്യൂട്ടീവ് ഡയറക്ടർമാരുമെല്ലാം കൂടിവന്ന് ഒരു ഇൻസ്പെക്ഷൻ നടത്തുകയും ജനപ്രതിനിധികളെ വിളിച്ചുകൂട്ടി ചർച്ച നടത്തുകയും ചെയ്തു. അന്നാണ് മന്ത്രിക്കും എം.ഡി.ക്കുമൊക്കെ ഏക ഡിപ്പോയുടെ ദയനീയാവസ്ഥയും ആ താലൂക്കിലെ രൂക്ഷമായ യാത്രാ ക്ലേശവും മനസ്സിലായത്. ഞങ്ങൾക്ക് അവിടെ പ്രൈവറ്റ് ബസ്സില്ല. ഞങ്ങൾക്ക് അവിടെ തീവണ്ടിയും ഇന്റർസ്റ്റേറ്റ് ബസ്സുമില്ല. ജില്ലയിലെ ഏറ്റവും വലിയ താലൂക്കായ മലയോര താലൂക്കായ, ഞങ്ങളുടെ താലൂക്കിൽ അത്യാവശ്യമായ ബസ്സുകളുമില്ല. അതുകൊണ്ട്, അടിയന്തിരമായി അന്നെടുത്ത തീരുമാനങ്ങൾ നടപ്പാക്കണം. മലയോര പ്രദേശങ്ങളിലേയ്ക്ക് കൂടുതൽ ബസ് സർവ്വീസുകൾ ഓടിക്കും. താലൂക്കിലെ യാത്രാക്ലേശം പരിഹരിക്കാൻ ആവശ്യമായ ചെയിൻ സർവ്വീസുകൾ നടത്തുമെന്നൊക്കെ പറഞ്ഞു. ചെയിൻസർവീസ് നടത്തിയാൽ കെ.എസ്.ആർ.ടി.സി.ക്ക് ലാഭകരമാണ്. ആളുകളെല്ലാം പേരൂർക്കടയും വെമ്പായത്തും പനവൂരും കാട്ടാക്കടയും കൂട്ടംകൂടി നിൽക്കുകയാണ്. അതുകൊണ്ട് എത്രയുംവേഗം യാത്രാ ക്ലേശം പരിഹരിക്കാൻ സമയബന്ധിതമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. അതുപോലെ മറ്റുള്ളിടത്ത് അഞ്ചും ആറും ഡിപ്പോകൾ ഉള്ളപ്പോൾ ഞങ്ങൾക്ക് ഒരു ഡിപ്പോകൂടി തുടങ്ങുന്നതിന്.....കെ.എസ്.ആർ.ടി.സി ഞങ്ങളെ സഹായിച്ചു. നാട്ടുകാരുടെയും കെ.എസ്.ആർ.ടി.സി.യുടെയും സഹായത്തോടുകൂടി വെള്ളനാട്ട് ആരംഭിച്ച പണി ഏതാണ്ട് പൂർത്തിയായിവരുന്നു. ആ ഡിപ്പോയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിനും പ്രധാനമായും യാത്രാക്ലേശം പരിഹരിക്കുന്നതിനും ആവശ്യമായ തീരുമാനമെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly